## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2321 — 18.02.2016 -ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രികളുടെയും ലാബുകളുടെയും ചൂഷണം

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

(എ) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെയും ലാബുകളുടെയും പ്രവർത്തനം നിയന്ത്രിക്കുന്നതിനും ചൂഷണം അവസാനിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) പി.എൻ.ഡി.റ്റി നിയമ പ്രകാരവും സേഫ് കേരള പരിപാടി വഴിയും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികളിലും സ്കാനിംഗ് സെന്ററുകളിലും പരിശോധന നടത്തി പോരായ്മകൾ കണ്ടെത്തിയാൽ പി.എൻ.ഡി.റ്റി നിയമ പ്രകാരവും പൊതുജനാരോഗ്യ നിയമ പ്രകാരവും നോട്ടീസ് നൽകുകയോ ഫൈൻ ഈടാക്കുകയോ അടച്ചു പൂട്ടുകയോ ചെയ്യുന്നുണ്ട്. ഓരോ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ തീരുമാന പ്രകാരം നടത്തുന്ന പരിശോധനകൾക്ക് പുറമേ സംസ്ഥാന തലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം സേഫ് കേരള പരിപാടിയുടെ ഭാഗമായി 2015-ൽ 27.02.2015, 26.05.2015, 12.08.2015 എന്നീ തീയതികളിലും പ്രത്യേക പരിശോധനകൾ നടത്തി നടപടി സ്വീകരിച്ചു. സ്വകാര്യ ആശുപത്രികളിൽ പരിശോധന നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം ആരോഗ്യ വകുപ്പിന് ഇല്ല. വ്യക്തമായ പരാതികളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും സ്ഥാപനത്തിൽ ജീവനക്കാരുടെ യോഗ്യതാ മാനദണ്ഡങ്ങളെക്കുറിച്ചോ, പ്രവർത്തന രീതികളെക്കുറിച്ചോ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മാത്രമേ ആരോഗ്യ വകുപ്പിന് സാധിക്കുകയുള്ളൂ. സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പി.എൻ.ഡി.റ്റി

(....2)

നിയമ പ്രകാരം അൾട്രാസോണോഗ്രാഫി നടത്തുന്ന ഏത് സെന്ററും പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും അപ്രോപ്രിയേറ്റ് അതോറിറ്റി എന്ന അധികാരം ഉപയോഗിച്ച് ആരോഗ്യവകുപ്പ് ജീവനക്കാർക്ക് പരിശോധന നടത്തുന്നതിനും ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും അധികാരമുണ്ട്. ഈ അധികാരം ഉപയോഗിച്ച് 2015 മെയ് 26-ാം തീയതി സംസ്ഥാന വ്യാപകമായി സേഫ് കേരള പദ്ധതിയുടെ ഭാഗമായി 520 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 16 സ്ഥാപനങ്ങൾ സീൽ ചെയ്യുകയും ചെയ്തു. ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന സേഫ് കേരള പദ്ധതി വഴി ചെറുകിട ലാബുകളും ക്ലിനിക്കുകളും പരിശോധിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. സ്വകാര്യ ആശുപത്രികളെയും ലാബുകളെയും നിയന്ത്രിക്കുന്നതിനും മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിനും വിഭാവനം ചെയ്തു കൊണ്ട് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ, നഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ, മറ്റു ജിവനക്കാർ എന്നിവരുടെ യോഗ്യത, പ്രായം എന്നിവ പരിശോധിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ ?

(ബി) പരിശോധനകൾ നടത്തുമ്പോൾ ജീവനക്കാരുടെ അടിസ്ഥാന യോഗ്യതകൾ, ലാബിന്റെ അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത, ഉപയോഗിക്കുന്ന രാസവസ്തുക്കളുടെയും കിറ്റുകളുടെയും, സ്റ്റെയിനുകളുടെയും കാലാവധി, ഗുണമേൻമ, ഉപകരണങ്ങളുടെ അണുവിമുക്തി, മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ, ഗുണനിലവാര പരിശോധന, ലൈസൻസ് ഉണ്ടോ എന്നത് തുടങ്ങി വിവിധ കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ